"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - നെയ്യാർഡാം ഓണം വാരാഘോഷം 2026-സാംസ്കാരിക ഘോഷയാത്ര - കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകാൻ യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1411/2026/LSGD തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-
1. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28/05/2026 തീയതിയിലെ സാധാരണ യോഗത്തിലെ 48(1) നമ്പർ തീരുമാനം.
2. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/06/2026 തീയതിയിലെ കത്ത്.

**ഉത്തരവ്**

കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നെയ്യാർ ഡാമിൽ നടത്തുന്ന ഓണം വാരാഘോഷത്തിന്റെയും സാസ്കാരിക ഘോഷയാത്രയുടെയും സംഘാടനത്തിന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, നെയ്യാറ്റിൻകര നെടുമങ്ങാട് താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 25,000/- രൂപയിൽ അധികരിക്കാത്ത തുക അനുവദിക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നെയ്യാർ ഡാമിൽ നടത്തുന്ന 2026 വർഷത്തെ ഓണം വാരാഘോഷത്തിന്റെയും സാസ്കാരിക ഘോഷയാത്രയുടെയും സംഘാടനത്തിന് തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അവരുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി പരമാവധി ₹15.000/-(പതിനയ്യായിരം രൂപ മാത്രം) വരെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Assim M S
Date: 31-07-2026
13:08:45

സെക്ഷൻ ഓഫീസർ